Downloaded from www.marthoma.in

# മലങ്കര മാർത്തോമ്മാ സുറിയാനി സഭ
# സഭാ പ്രതിനിധിമണ്ഡലം – 2016
## അദ്ധ്യക്ഷപ്രസംഗം

സ്നേഹാഭിവന്ദ്യനായ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ തിരുമേനി, സഹോദരരായ മേൽപ്പട്ടക്കാരേ, സീനിയർ വികാരി ജനറാളും ബാംഗ്ലൂർ ഇ.സി.സി. ഡയറക്ടറുമായ വെരി റവ. ഡോ. ചെറിയാൻ തോമസ്, ബഹുമാന്യരായ പട്ടത്വ സമൂഹമേ, ആദരണീയരായ മണ്ഡലാംഗങ്ങളേ,

"നിങ്ങൾക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്" (യോഹ. 10:10). "നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ" (യോഹ. 14:1). "എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കയും അരുത്" (യോഹ. 14:27). "നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, നിങ്ങൾ പോയി ഫലം കായിക്കേണ്ടതിനും നിങ്ങളുടെ ഫലം നില നിൽക്കേണ്ടതിനും നിങ്ങളെ ആക്കിവച്ചുമിരിക്കുന്നു. (യോഹ. 15:16). "ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ട്" (മത്തായി 28:20) എന്ന് അരുളിച്ചെയ്ത നമ്മുടെ കർത്താവും ദൈവവുമായ ക്രിസ്തുയേശുവിന്റെ നിസ്തുല്യനാമത്തിൽ ഏവർക്കും സ്നേഹവന്ദനം.

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ 2014-17 കാലഘട്ടത്തിലെ മൂന്നാമത്തെ സാധാരണ മണ്ഡലയോഗത്തിൽ പങ്കെടുക്കുവാൻ എത്തിച്ചേർന്ന നിങ്ങളെ ഏവരെയും ഹാർദ്ദവമായി, വ്യക്തിപരമായി സ്വാഗതം ചെയ്യുന്നു.

സംവൽസരങ്ങളെ തന്റെ നന്മകൾ കൊണ്ട് അലങ്കരിക്കുന്ന വലിയവനായ ദൈവത്തിന്റെ കരുണയിലും കൃപയിലും ഒരു പൊന്നിൻചിങ്ങമാസത്തിന്റെ സന്തോഷത്തിലേക്കും ഉന്മേഷത്തിലേക്കും നാം പ്രവേശിച്ചിരിക്കുന്നു. സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും മഹനീയ സ്വപ്നങ്ങളെ ഹൃദയത്തിലേറ്റു വാങ്ങിയാണ് മലയാളികൾ ലോകത്തെവിടെയും ഓണം ആഘോഷിക്കുന്നത്. എല്ലാവരും എല്ലാവർക്കും ക്ഷേമം ആശംസിക്കുകയും എല്ലാവരും എല്ലാവർക്കും ക്ഷേമം പകരുകയും, എല്ലാവരും എല്ലാവർക്കും ക്ഷേമമായിത്തീരുകയും ചെയ്യുന്ന നാളുകൾ സംജാതമാകുമ്പോഴാണ് യഥാർത്ഥത്തിൽ ഓണം എന്ന വലിയ സ്വപ്നം നമുക്കൊരു അനുഭവയാഥാർത്ഥ്യമായിത്തീരുന്നത്. കള്ളവും ചതിയുമില്ലാത്ത ഒരു നല്ല നാടിന്റെ പൂർവ്വകാലസ്മൃതികൾ നുണഞ്ഞിറക്കിയതുകൊണ്ടു മാത്രം നാം ഒന്നും നേടുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഭൂതകാലം ഭക്ഷിച്ചു ജീവിക്കുന്നവരായിട്ടല്ല, വർത്തമാനകാലഘട്ടത്തെ സ്നേഹംകൊണ്ടും സാഹോദര്യംകൊണ്ടും സമത്വം കൊണ്ടും വിരുന്നൂട്ടാൻ കഴിയുമ്പോഴാണ് ശോഭനമായ ഒരു ഭാവിയിലേക്കുള്ള വാതിൽ നമുക്ക് തുറന്നുകിട്ടുന്നത് എന്ന വസ്തുത നാം ഒരിക്കലും വിസ്മരിക്കരുത്. ചരിത്രത്തെ നിയന്ത്രിക്കുന്ന ദൈവത്തോടു ചേർന്നുനിന്നുകൊണ്ട്, ഭൂതകാലത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട്, വർത്തമാനകാലത്തെ നന്മകൾ കൊണ്ടലങ്കരിച്ച്, സുന്ദരമായ ഒരു ഭാവിയിലേക്കു പ്രവേശിക്കുവാൻ ഈ പൊന്നോണനാളുകൾ ഏവർക്കും ഊർജ്ജം പകരട്ടെ എന്നാശംസിക്കുന്നു.

സംഭവനിർഭരവും സംഭ്രമജനകവുമായ ഒരു ലോകാന്തരീക്ഷത്തിലാണ് നാം ഇന്ന് ആയിരിക്കുന്നത്. ലോകത്തിൽ വെളിച്ചമായിരിപ്പാൻ വിളിക്കപ്പെട്ടിരിക്കുന്ന സഭയെ ദൈവം നിയോഗിച്ചിരിക്കുന്നത് അരക്ഷിതാവസ്ഥയുടെ അന്ധകാരം കനക്കുന്ന ലോകത്തിൽ അന്ധകാരത്തെ ദൂരീകരിക്കുന്ന വെളിച്ചത്തിന്റെ ചൈതന്യം പ്രസരിപ്പിക്കുവാനാണ്. ലോകരാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധത്തിൽ വലിയ ഉലച്ചിലുകൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ആർക്കും ആരിലും വിശ്വാസമില്ലാതെ വരികയും ആർക്കും ആരോടും ആദരവില്ലാതെ വരികയും ചെയ്യുമ്പോൾ സ്നേഹബന്ധങ്ങളുടെ സന്ധിബന്ധങ്ങൾ തകരുകയും ആ തകർച്ചയുടെ നെടുവീർപ്പുകൾ സംഘട്ടനങ്ങളായും സംഘർഷങ്ങളായും യുദ്ധങ്ങളായും ഇന്ന് പരിണമിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ സമാധാനത്തിന്റെ സംഗീതം ഉയരേണ്ട സ്ഥാനത്ത് ഭീകരതയുടെ നിലവിളികളും കൊലവിളികളും ഒരു നിത്യസംഭവമായി മാറിക്കൊണ്ടിരിക്കുന്നു. പ്രതിസന്ധികളുടെ മധ്യത്തിലും അരക്ഷിതാവസ്ഥയുടെ വേലിയേറ്റത്തിലും നാം ആയിത്തീരുമ്പോൾ ഭയചകിതരായിപ്പോകാതെ, "നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കയും അരുത്" എന്ന് അരുളിചെയ്തവനായ കർത്താവിങ്കലേക്കു നോക്കുവാൻ നാം തയ്യാറാകുമ്പോൾ "നിങ്ങൾക്ക് എന്നിൽ സമാധാനം ഉണ്ടാകേണ്ടതിനു ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു; ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" (യോഹ. 16:33) എന്ന കർത്താവിന്റെ ഇമ്പസ്വരം കേൾക്കുവാൻ സാധിക്കും. ചുറ്റുപാടുകൾക്കു നൽകാൻ കഴിയുന്നതല്ല ശരിയായ സമാധാനം. ദൈവം തരുന്ന സമാധാനമാണ് ശാശ്വതമായ സമാധാനം. സുപ്രസിദ്ധമായ ഗിരിപ്രഭാഷണത്തിൽ കർത്താവു തന്റെ ശിഷ്യന്മാരെ പ്രബോധിപ്പിച്ചത് "സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ" എന്നാണ്. ആർക്കാണ് സമാധാനം ഉണ്ടാക്കുവാൻ കഴിയുന്നത്? ദൈവം നൽകുന്ന സമാധാനത്തോടു കൂടി, ദൈവത്തോടു ചേർന്നു നിന്നു ദൈവഹിതത്തിന്റെ വഴികളിലൂടെ സഞ്ചരിക്കുന്നവർക്കാണ് ഭൂമിയിൽ സമാധാനം ഉണ്ടാക്കുവാൻ കഴിയുന്നത്. സമാധാനത്തിന്റെ ഉറവിടമായ ദൈവത്തെ മാറ്റി നിർത്തിക്കൊണ്ട് സമാധാനം ഉണ്ടാക്കാൻ ശ്രമിക്കുന്നവർ മണലിന്മേൽ വീടു പണിത ബുദ്ധിയില്ലാത്ത മനുഷ്യനു സമന്മാരത്രെ.

വളർന്നു വരുന്ന ഭീകരവാദപ്രവർത്തനങ്ങൾക്കെതിരെ ജാഗ്രത പുലർത്തുവാൻ നമുക്കു കഴിയേണ്ടതാണ്. ഭീകരതയെ പ്രോൽസാഹിപ്പിക്കുവാൻ മതത്തെ കൂട്ടുപിടിക്കുന്നവർ യഥാർത്ഥത്തിൽ സമൂഹമധ്യത്തിൽ സ്വന്തം മതത്തെ അപകീർത്തിക്കപ്പെടുത്തുകയാണു ചെയ്യുന്നത് എന്ന കാര്യം വിസ്മരിച്ചു പോകരുത്. ലോകത്തിൽ ഒരു മതവും ഭീകരതയെ വളമിട്ടു വളർത്തുന്ന ഒരു ചിന്തയും നൽകുന്നില്ല എന്നു നാം ഓർക്കണം. അർത്ഥം മനസ്സിലാക്കാതെയും സന്ദർഭത്തിൽ നിന്നും അടർത്തിമാറ്റിയും മതചിന്തകളെ ദുർവ്യാഖ്യാനം ചെയ്യുന്നവരാണ് പലപ്പോഴും ഭീകരതയുടെ കുഴലൂത്തുകാരായി മാറുന്നത് എന്ന സത്യം നാം തിരിച്ചറിയണം. മതത്തിന്റെ ബാഹ്യമായ ചട്ടക്കൂടുകൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും ഉപരിയായി മാനവികതയെ പരിപോഷിപ്പിക്കുന്ന മതത്തിന്റെ ആന്തരികസത്തയിലേക്കു വിശ്വാസസമൂഹത്തെ നയിക്കുവാൻ എല്ലാ മതങ്ങൾക്കും കഴിയേണ്ടതിനായി നമുക്കു പ്രാർത്ഥിക്കാം.

നമ്മുടെ സംസ്ഥാനത്ത് പുതിയൊരു ഗവണ്മെന്റ് അധികാരത്തിലെത്തിയിരിക്കുകയാണ്. ജനങ്ങൾ തങ്ങളിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസത്തിന്റെ പ്രതീക്ഷകൾ സഫലമാക്കുവാനായിരിക്കണം പുതിയ ഗവൺമെന്റിന്റെ എല്ലാ പരിശ്രമങ്ങളും എന്ന് ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. പൊതുജനക്ഷേമത്തെ മുൻനിർത്തി ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട കാലത്തും രീതിയിലും ചെയ്യാതെ ആരോപണ പ്രത്യാരോപണങ്ങളുടെ പുകമറ സൃഷ്ടിച്ചും ഭൂതകാലത്തിന്റെ വിഴുപ്പലക്കൽ നടത്തിയും മുമ്പോട്ടു പോകാതെ നല്ല അഭിപ്രായങ്ങൾ ആരുടെ ഭാഗത്തുനിന്നു

Downloaded from www.marthoma.in

ണ്ടായാലും അതിൽ ഭരണപക്ഷമോ, പ്രതിപക്ഷമോ എന്നൊന്നും ചിന്തിക്കാതെ നിഷ്പക്ഷമായി സ്വീകരിക്കേണ്ടതിനെ സ്വീകരിച്ചും ആദരിക്കേണ്ടതിനെ ആദരിച്ചും മുമ്പോട്ടു പോകുന്ന സമീപനം സ്വീകരിച്ചാൽ അതൊരു മാതൃകാപരമായ കീഴ്വഴക്കം സൃഷ്ടിക്കലായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ ആദർശം വെടിഞ്ഞുകൊണ്ടും പറഞ്ഞതെല്ലാം വിഴുങ്ങിക്കൊണ്ടും ഒത്തുതീർപ്പ് എന്ന ഏച്ചുകെട്ടലിനു വഴങ്ങിക്കൊടുക്കുന്നത് മൂല്യാധിഷ്ഠിത ജനാധിപത്യസംവിധാനത്തിനു ഒട്ടും ഭൂഷണമായിരിക്കുകയില്ല എന്നു തിരിച്ചറിയേണ്ടിയിരിക്കുന്നു. ഒത്തുതീർപ്പുകളുടെ ഏച്ചുകെട്ടലല്ല, മൂല്യാധിഷ്ഠിതവും ആദർശസുരഭിലവുമായ അനുരഞ്ജനമാകണം ജനാധിപത്യത്തിന്റെ അടിത്തറ. ഇടവകകളിലായാലും സഭയിലായാലും പൊതുസമൂഹത്തിലായാലും ദൈവത്തിൽ ആശ്രയിച്ച് ദൈവദത്തമായ ജ്ഞാനത്തോടും വിവേകത്തോടും കൂടി അനുരഞ്ജനത്തിന്റെ മാർഗത്തിലൂടെ സമാധാനത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കപ്പെടേണ്ടതിനായി നമുക്കു പ്രാർത്ഥിക്കാം.

കേരളത്തിലങ്ങോളമിങ്ങോളം തെരുവുനായ്ക്കൾ കുട്ടികളെയും മുതിർന്നവരെയുമെല്ലാം കടിച്ചുകീറുന്നത് ഇന്ന് നിത്യസംഭവമായി മാറിയിരിക്കുകയാണ്. പലപ്പോഴും കൊച്ചുകുട്ടികളും പാവപ്പെട്ടവരുമാണ് കൂടുതൽ ഇരകളാക്കപ്പെടുന്നത് എന്നതും ഒരു യാഥാർത്ഥ്യമാണ്. മൃഗസ്നേഹത്തിന്റെ പേരു പറഞ്ഞ് തെരുവുനായ്ക്കളെ യഥേഷ്ടം വിഹരിക്കാൻ അനുവദിക്കുമ്പോൾ മനുഷ്യന്റെ സ്വൈര്യജീവിതം അപകടത്തിലാകുകയാണെന്ന യാഥാർത്ഥ്യം കണ്ടില്ലെന്നു നടിക്കുന്നത് ഒരു ഭരണകൂടത്തിനും ഭൂഷണമല്ല. ഇക്കാര്യത്തിൽ കേന്ദ്രഗവണ്മെന്റും സംസ്ഥാനഗവണ്മെന്റും തമ്മിൽ സംഘർഷത്തിന്റെ പാതയിലേക്കു നീങ്ങുകയല്ല വേണ്ടത്, കേരളത്തിലെ ജനങ്ങളുടെ സ്വൈര്യജീവിതം യാഥാർത്ഥ്യമാക്കാൻ ഒരുമിച്ചു നിൽക്കുകയാണു വേണ്ടത്. തെരുവുനായ്ക്കളുടെ എണ്ണം ക്രമാതീതമായിത്തന്നെ വർദ്ധിച്ചുവരുന്നുണ്ട്. അവയ്ക്കു വേണ്ടത്ര ഭക്ഷണം കിട്ടാതെ വരുമ്പോഴാണ് കോഴികളെയും താറാവിനെയും കടിച്ചുകീറിത്തിന്നുന്ന പ്രവണതയിലേക്കും ആ പ്രവണത കൂടുതൽ ഗുരുതരമായ അവസ്ഥയിൽ അവയുടെ ആക്രമണം മനുഷ്യരിലേക്കും വ്യാപിക്കുന്നത്. വീട്ടിലെ ഭക്ഷ്യവസ്തുക്കളുടെ ശേഷിപ്പുകൾ തെരുവിലേക്കു വലിച്ചെറിയുന്ന മലയാളികളുടെ 'അത്യാധുനിക സംസ്കാരം', ആ ഭക്ഷ്യവസ്തുക്കൾക്കായി തെരുവിൽ ഒത്തുകൂടാൻ നായ്ക്കളെ പ്രേരിപ്പിക്കുന്നതാണ്. തെരുവു നായ്ക്കളെ പിടിച്ച് അവയ്ക്കു ഭക്ഷണം നൽകി സംരക്ഷിക്കാനുള്ള സുരക്ഷിതകേന്ദ്രങ്ങൾ രൂപപ്പെടുത്തിയാൽ ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിയും. അതോടുകൂടി തെരുവുനായ്ക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്ന പ്രവണതയും അവസാനിക്കും. ഇക്കാര്യത്തിൽ കേന്ദ്ര-സംസ്ഥാനഗവണ്മെന്റുകൾ കൂട്ടായി ആലോചിച്ച് ഉചിതമായ നടപടികൾ എടുക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

നമ്മുടെ രാജ്യത്ത് ജാതിപരവും മതപരവും സാമൂഹികപരവുമായ അസമത്വങ്ങൾക്കിരയായി അനേകർ വേട്ടയാടപ്പെടുന്നു എന്നത് ദുഃഖകരമായ ഒരു യാഥാർത്ഥ്യമാണ്. മൃഗസംരക്ഷണത്തിന്റെ പേരിൽ നിരപരാധികളായ മനുഷ്യർ ജാതിയുടെ പേരിലും മതത്തിന്റെ പേരിലും പ്രത്യേകിച്ചും ദളിത് വിഭാഗത്തിൽപെട്ടവർ തെരുവിൽ പരസ്യമായിപ്പോലും കൊടിയ മർദ്ദനങ്ങൾക്ക് ഇരയാകുമ്പോൾ മനുഷ്യത്വത്തിന്റെ മഹനീയ മൂല്യങ്ങളാണ് നിഷ്കരുണം തെരുവിൽ വെട്ടിവീഴ്ത്തപ്പെടുന്നത് എന്ന യാഥാർഥ്യം കണ്ടില്ലെന്ന് നടിച്ച് മുന്നോട്ടു പോകുന്നത് ഒരു ജനാധിപത്യരാഷ്ട്രത്തെ സംബന്ധിച്ചിടത്തോളം ആത്മഹത്യാപരമാണ്. "മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്കു തുല്യനത്രേ" എന്ന സങ്കീർത്തനക്കാരന്റെ വാക്കുകൾ ഇന്നു നമ്മുടെ നാട്ടിൽ ഒരു വർത്തമാനകാലയാഥാർത്ഥ്യമായിത്തുടരുകയാണ്. പ്രഗൽഭ ബംഗാളി ചിന്തകനായ കേശബ്ചന്ദ്രസെൻ "ദൈവത്തിന്റെ മനുഷ്യ മുഖമാണ് നസ്രയനായ യേശുവിൽ ലോകം ദർശിച്ചത്" എന്നു പറഞ്ഞതുപോലെ മനുഷ്യമുഖങ്ങളിൽ ദൈവത്തിന്റെ സാദൃശ്യം ദർശിച്ചുകൊണ്ട് ആദരിക്കുവാനും സ്നേഹിക്കുവാനും കഴിയുമ്പോഴാണ് ഈ ഭൂമിയിൽ ദൈവരാജ്യത്തിന്റെ കെട്ടുപണി സാധ്യമായിത്തീരുന്നതും സമാധാനം ഒരു യാഥാർത്ഥ്യമായി അനുഭവവേദ്യമായിത്തീരുന്നതും. ഈ അനുഭവത്തിലേക്കു വളരുവാൻ ദൈവത്തിന്റെ കൃപകൾക്കായി പ്രാർത്ഥിക്കാം.

നമ്മുടെ രാഷ്ട്രം സ്വാതന്ത്ര്യത്തിന്റെ 70-ാം ജന്മദിനം ആഘോഷിച്ചിരിക്കുന്ന ഈ വേളയിൽ നമ്മുടെ ദേശീയ കവിയായ മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ 'ഗീതാഞ്ജലി' യിലെ ഒരു പ്രാർത്ഥനയുടെ സാരാംശം ഉൾക്കൊണ്ട് നമുക്കു പ്രാർത്ഥിക്കാം.

"സർവ്വശക്തനായ ദൈവമേ, നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.
ഞങ്ങളുടെ ഹൃദയത്തിലെ സങ്കുചിതത്വത്തിന്റെ അടിവേരറുക്കേണമേ.
സുഖങ്ങളും ദുഃഖങ്ങളും അയത്നലളിതമായി
ഉൾക്കൊള്ളുവാനുള്ള കരുത്ത് ഞങ്ങൾക്കു നൽകേണമേ.
ഞങ്ങളുടെ സ്നേഹം സേവനത്തിലൂടെ സഫലീകരിക്കാനുള്ള കരുത്ത്
ഞങ്ങൾക്ക് നൽകേണമേ.
അശരണരെ ഒരിക്കലും കൈവിടാതിരിക്കാനും
പ്രതാപഗർവത്തിന്റെ മുന്നിൽ ഒരു നാളും
മുട്ടുമടക്കാതിരിക്കാനുമുള്ള കരുത്ത്
ഞങ്ങൾക്കു നൽകേണമേ.
ദൈനംദിന നിസ്സാരതകൾക്കുമേൽ
മനസുയർത്തിപ്പിടിക്കാനുള്ള ആർജ്ജവം
ഞങ്ങൾക്കു നൽകേണമേ.

ഞങ്ങളുടെ മുഴുവൻ കഴിവും കരുത്തും നിന്റെ സ്നേഹോജ്ജ്വലമായ ഇച്ഛാശക്തിക്കു മുന്നിൽ സമർപ്പിക്കാനുള്ള കരുത്ത് ഞങ്ങൾക്കു നൽകേണമേ".

സഭയിലായാലും രാഷ്ട്രത്തിലായാലും അതിന്റെ കെട്ടുപണി കെട്ടുറപ്പുള്ളതായിത്തീരണമെങ്കിൽ ദൈവികമായ അവബോധത്തിലും മൂല്യങ്ങളിലും പണിയപ്പെടേണ്ടതായിട്ടുണ്ട്. നോഹയുടെ കാലത്തെ മഹാപ്രളയത്തിനു ശേഷം ജീവനോടെ ശേഷിച്ച നോഹയും കുടുംബവും പെട്ടകത്തിൽ നിന്നും പുറത്തിറങ്ങിയ ശേഷം നോഹ ആദ്യം ചെയ്തത് യഹോവയ്ക്കു ഒരു യാഗപീഠം പണിയുകയായിരുന്നു. ദൈവത്തിനു സ്തോത്രം അർപ്പിച്ചുകൊണ്ടും ദൈവമുമ്പാകെയുള്ള സമർപ്പണം പുതുക്കിക്കൊണ്ടുമാണ് ഒരു പുതുലോകം പണിയേണ്ടത് എന്ന് ആ യാഗപീഠം ഒരുക്കലിലൂടെ നോഹ ലോകത്തെ പഠിപ്പിക്കുകയായിരുന്നു. എന്നാൽ നോഹയുടെ കാലശേഷം ആ ദർശനം നഷ്ടപ്പെട്ട ഒരു സമൂഹം സ്വന്തം കഴിവിലും ശക്തിയിലും ബുദ്ധിയിലും ആശ്രയിച്ച് ബാബേലിൽ സ്വർഗത്തോളമെത്തുന്ന ഒരു ഗോപുരം പണിയുന്നതാണ് ഉൽപത്തിപുസ്തകം 11-ാം അദ്ധ്യായത്തിൽ നാം കാണുന്നത്. ദൈവത്തിന്റെ ആലോചന കൂടാതെ, ദൈവത്തെ മാറ്റി നിർത്തി ജനകീയ ഐക്യത്തിന്റെയും അഹങ്കാര

Downloaded from www.marthoma.in

ത്തിന്റെയും മണലിന്മേൽ പണിത കെട്ടിട നിർമ്മാണവും പട്ടണനിർമ്മാണവും ഭാഷയുടെ കലക്കം സംഭവിച്ചതിലൂടെ ആശയവിനിമയത്തിൽ വന്ന പൊരുത്തക്കേടുകൾ മൂലം പൊളിഞ്ഞു പോകുന്നതാണ് നാം കാണുന്നത്. ഒരുമിച്ചു നിൽക്കാൻ ശ്രമിച്ചവർ ചിതറിപ്പോകുന്ന അവസ്ഥയും നാം അവിടെ കാണുന്നു. ദൈവത്തെ മാറ്റി നിർത്തി ഏതു പദ്ധതി ആവിഷ്കരിച്ചാലും അവയൊന്നും ശുഭകരമാകുകയില്ല എന്ന ചരിത്രപാഠം ഉൾക്കൊള്ളാത്തവർ ചരിത്രത്തിന്റെ മുന്നിൽ അപഹാസ്യരായിത്തീരും എന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ കർത്താവിന്റെ ഉയിർത്തെഴുന്നേൽപിനും സ്വർഗാരോഹണത്തിനും ശേഷം കർത്താവിന്റെ കൽപന അനുസരിച്ച് പരിശുദ്ധാത്മാവിനായി കാത്തിരുന്ന സഭയ്ക്ക് പെന്തെക്കോസ്തുനാളിൽ പരിശുദ്ധാത്മാവിനെ ലഭിച്ചപ്പോൾ വ്യത്യസ്ത ദേശക്കാരും ഭാഷക്കാരുമാണ് അവിടെ കൂടിയിരുന്നതെങ്കിൽപോലും അവർക്കെല്ലാം പരസ്പരം മനസ്സിലാക്കുവാനും ദൈവത്തിന്റെ അരുളപ്പാടുകൾ തിരിച്ചറിയാനും കഴിഞ്ഞു എന്നത് ദൈവം ആദിമ സഭയുടെ ഈ ആത്മീയ അനുഭവത്തിലൂടെ ചരിത്രത്തിനു നൽകുന്ന നിസ്തുല്യ മാതൃകയാണ്. നമ്മുടെ കുടുംബ പ്രാർത്ഥനകളും പൊതു ആരാധനകളുമെല്ലാം ദൈവാത്മ പ്രേരണയിൽ വളരുവാനുള്ള ശക്തമായ മുഖാന്തരങ്ങളാണ്. ആദിമാതാപിതാക്കൾ ഏദൻതോട്ടത്തിന്റെ അനുഭവത്തിലായിരുന്നപ്പോൾ വെയിലാറുമ്പോൾ ദൈവം അവരോടൊപ്പം സമയം ചെലവഴിക്കുവാൻ എത്തിച്ചേരുന്നത് ഹൃദ്യവും സുന്ദരവുമായ ഒരു അനുഭവമായിരുന്നു. ആ മാതൃകയിൽ സന്ധ്യയാകുമ്പോൾ കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ച് ചേർന്നിരുന്ന് കുടുംബപ്രാർത്ഥന നടത്തുന്ന നല്ല പതിവ് നമ്മുടെ നാട്ടിലെ ക്രൈസ്തവഭവനങ്ങൾക്കും ഇതരമതസ്ഥർക്കുമുണ്ടായിരുന്നു. ദൈവവുമായുള്ള ഉറ്റ ബന്ധത്തിൽ പ്രാർത്ഥനയ്ക്കായി വേർതിരിച്ചിരുന്ന ആ സമയം ഇന്ന് ടി.വി.യുടെ മുമ്പിൽ വീട്ടിലുള്ള എല്ലാവരും കൂടി ചേർന്നിരുന്ന് ചാനൽപരിപാടികൾ വീക്ഷിക്കുന്നതിനായി ചിലവിടുമ്പോൾ നാം നമ്മുടെ ഭവനങ്ങളെ ബാബേൽ ഗോപുരങ്ങളാക്കി മാറ്റുകയാണെന്ന് തിരിച്ചറിയണം. ദൈവത്തിന്റെ മന്ദിരങ്ങളായി വളരേണ്ട നമ്മുടെ കുട്ടികളെ നാം ലോകപ്രകാരമുള്ള വിജ്ഞാനത്തിൽ വളർത്താൻ ശ്രമിച്ച് സഭയുടെ ക്രമീകരണമായ സണ്ടേസ്കൂളിൽ നിന്നും യുവജനസഖ്യത്തിൽ നിന്നും മാറ്റി നിർത്താനാണ് ശ്രമിക്കുന്നതെങ്കിൽ നമ്മുടെ കുട്ടികൾ ബാബേൽ ഗോപുരത്തിന്റെ അവസ്ഥയിലേക്കാണ് മാറ്റപ്പെടുന്നത് എന്ന കാര്യം നാം പ്രത്യേകം ഓർക്കണം. ആദിമസഭയുടെ ചൈതന്യത്തിലേക്കും മാതൃകകളിലേക്കും മടങ്ങിപ്പോകാൻ ദൈവം കുടുംബങ്ങളെയും സഭയെയും ശക്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കാം.

സമൂഹത്തിന്റെ പ്രശ്നങ്ങളും വേദനകളും സഭയുടെ പ്രശ്നങ്ങളും വേദനകളുമായിട്ട് നാം ഉൾക്കൊള്ളേണം. കഴിഞ്ഞ വർഷം കേരളത്തെ കണ്ണീരിലാഴ്ത്തിയ ഒരു ദുരന്തമായിരുന്നു പേരാവൂരിൽ (പുറ്റൂർ) ഉണ്ടായ വെടിക്കെട്ടപകടം. ദുരന്തത്തിൽ ഇരയായവരുടെ ക്ഷേമത്തിനുവേണ്ടി പത്തുലക്ഷം രൂപ നാം സഭയായി നൽകുകയുണ്ടായി. ഉത്തരാഖണ്ഡിലെ ഭൂകമ്പത്തിൽ വീടു നഷ്ടപ്പെട്ടവരുടെ പുനരധിവാസ പ്രക്രിയയുടെ ഭാഗമായി സഭയായി പണിത 20 വീടുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് 'കാസാ'യ്ക്ക് കൊടുത്തുതീർക്കാനുണ്ടായിരുന്ന തുക കൊടുത്തു തീർക്കാൻ സാധിച്ചു. സ്നേഹകരം പദ്ധതിയിൽ 5,43,30,758 രൂപാ 61 പൈസാ സ്ഥിരനിക്ഷേപമായി ലഭിച്ചതിന്റെ പലിശയായി ലഭിച്ച തുകയിൽ നിന്ന് 1,03,87,000 രൂപ 674 പേർക്കായി ഇതിനോടകം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. അടുത്ത ഘട്ടം വിതരണത്തിനായുള്ള ലിസ്റ്റ് പരിഗണനയിലിരിക്കുന്നു. പലിശനിരക്ക് കുറഞ്ഞതിനാൽ നമ്മുടെ നിക്ഷേപത്തുക ആറു കോടിയെങ്കിലും ആയെങ്കിൽ മാത്രമേ നാം ഉദ്ദേശിച്ചിരിക്കുന്ന രീതിയിൽ 50 ലക്ഷം രൂപാ പലിശയായി ലഭിച്ച് അർഹരായവർക്ക് സഹായധനം നൽകാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ ഏവരുടെയും ആത്മാർത്ഥമായ സഹായസഹകരണം ഉണ്ടാവണമെന്ന് അറിയിക്കുന്നു.

'ദൈവത്തിന്റെ സ്വന്തം നാട്' എന്നു വിശേഷിപ്പിക്കപ്പെടുന്ന നമ്മുടെ കേരളത്തെ ഒരു മദ്യവിമുക്ത കേരളമായി തീർക്കാനുള്ള ഉദ്യമത്തിൽ തടസ്സം നിൽക്കുന്ന പ്രതികരണങ്ങൾ ആരുടെ ഭാഗത്തു നിന്നുണ്ടായാലും അവ കുടുംബങ്ങളിലെ സമാധാന അന്തരീക്ഷത്തിനും നാടിന്റെ പുരോഗതിക്കും ഭീഷണിയാണ് എന്ന അവബോധം എല്ലാവരിലും ഉണ്ടാകേണ്ടതായിട്ടുണ്ട്. കുടുംബസമാധാനത്തിന്റെയും സാമൂഹ്യപുരോഗതിയുടെയും ഒരു പ്രധാന ശത്രുവായിത്തന്നെ മദ്യത്തെ കാണേണ്ടതാണ്. ഈ സാമൂഹ്യ വിപത്തിനെ നിർമാർജ്ജനം ചെയ്യുവാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനു പകരം 'ബിയർ ആന്റ് വൈൻ പാർലറുകൾ' എന്ന ഓമനപ്പേരിട്ടു വിളിച്ച് മദ്യം വിളമ്പുന്ന ശൈലിയാണ് അവലംബിക്കുന്നതെങ്കിൽ മദ്യരഹിതകേരളം എന്ന ലക്ഷ്യം ഒരു മരീചികമായി മാത്രം അവശേഷിക്കും. ഇക്കാര്യത്തിൽ ജാഗ്രതയോടെ നടപടികൾ സ്വീകരിക്കുവാനുള്ള ആർജ്ജവം സംസ്ഥാന സർക്കാരിന് ഉണ്ടാകട്ടെ എന്ന് ആശംസിക്കാം. മറ്റു പല സംസ്ഥാനങ്ങളെയും അപേക്ഷിച്ച് തൊഴിൽ വേതനം ഏറ്റവും കൂടുതൽ ലഭിക്കുന്ന നമ്മുടെ സംസ്ഥാനത്ത് കുടുംബങ്ങൾക്ക് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിയാതെ പോകുന്നതിന്റെ ഒരു പ്രധാന കാരണം കുടുംബനാഥന്റെ മദ്യപാനമാണ്. ഈ യാഥാർത്ഥ്യങ്ങളെ മറച്ചുപിടിച്ചുകൊണ്ട് ടൂറിസത്തിന്റെ മറവിൽ നാടിനെ മദ്യശാലയാക്കി മാറ്റാനുള്ള ശ്രമങ്ങൾ അപലപനീയമാണ് എന്നു പറയുവാൻ ആഗ്രഹിക്കുന്നു.

അൽബേനിയാക്കാരിയായ ആഗ്നസ് എന്ന അദ്ധ്യാപിക തന്നെക്കുറിച്ചുള്ള ദൈവവിളി തിരിച്ചറിഞ്ഞ് തെരേസ എന്ന സന്യാസനാമം സ്വീകരിച്ച് കൽക്കട്ടായിലെത്തി അഗതികളുടെയും അശരണരുടെയും ആലംബഹീനരുടെയും കണ്ണീരൊപ്പുകയും മുറിവുണക്കുകയും ചെയ്യുന്ന അഗതികളുടെ അമ്മയായി മാറി, ഭാരതത്തിന്റെയും ലോകത്തിന്റെ തന്നെയും അഭിമാനമായി മാറുകയും ചെയ്ത ചരിത്രം കാലത്തിനൊരിക്കലും മായിക്കുവാൻ കഴിയുന്നതല്ല. മദർ തെരേസയെ റോമൻ കത്തോലിക്കാ സഭ 2016 സെപ്റ്റംബർ 4–ാം തീയതി വിശുദ്ധ പദവി നല്കി ആദരിച്ചതിലുള്ള സന്തോഷത്തിൽ നാമും പങ്കു ചേരുകയാണ്. കൽക്കട്ടായിലെ മാർത്തോമ്മാ ഇടവകയും സി.എൻ.ഐ യുടെ കത്തീഡ്രൽ റിലീഫും അർമേനിയൻ സഭയും മദർ തെരേസയും കൂടി ചേർന്ന് സംവത്സരങ്ങൾക്കു മുമ്പ് നമ്മുടെ പള്ളിയുടെ താഴത്തെ നിലയിൽ ആരംഭിച്ചതായ 'അന്തേര' എന്ന ആതുര ശുശ്രൂഷാ കേന്ദ്രം ഇന്ന് വളരെ അനുഗ്രഹപ്രദമായ രീതിയിൽ പ്രവർത്തിച്ചുവരികയാണ്. ലോകാദരണീയയായ മദർ തെരേസയാണ് അന്ന് നമ്മുടെ പള്ളിയിൽ വന്ന് ഈ പ്രോജക്ട് ഉദ്ഘാടനം ചെയ്ത് അനുഗ്രഹിച്ചത്. മദറിന് വിദേശത്തു ലഭിച്ചതായ ഒരു ആഡംബര കാർ ഈ പ്രസ്ഥാനത്തിനുവേണ്ടി മദർ നൽകുകയുണ്ടായി. ആ കാർ ഒരു ലോട്ടറിയിലൂടെ വിൽക്കുന്നതിനും മദർ സമ്മതിക്കുകയുണ്ടായി. അങ്ങനെ ലഭിച്ച തുകയാണ് 'അന്തേര'യുടെ രൂപീകരണത്തിൽ ആദ്യമൂലധനമായിത്തീർന്നത്. നാലു സഭകൾ ഒരുമിച്ച് ചേർന്ന് പ്രവർത്തിക്കുന്ന ഈ സഭൈക്യപ്രസ്ഥാനം കൽക്കട്ടായുടെ ഒരു തിലകക്കുറിയായി പരിലസിക്കുന്നു. വരത്തറ പള്ളത്ത് ശ്രീ. പി.എം. ജോണും ഭാര്യ ശ്രീമതി കുഞ്ഞൂഞ്ഞമ്മയും മദറിനോട് ചേർന്ന് ഈ പ്രസ്ഥാനത്തിന് നൽകിയ നേതൃത്വം അവിസ്മരണീയമാണ്. ജീവിതത്തിന്റെ ദുരിതങ്ങളിലും കഷ്ടതകളിലും കഴിയുന്നവരെ മദർ തെരേസയും സഹപ്രവർത്തകരും ചേർന്ന് ശുശ്രൂഷിക്കുന്നതിന്റെ ഫലമായി അഗതികളായവർക്ക് വേദന നിറഞ്ഞ ഒരു ആയുസ്സ് നീട്ടിക്കൊടുക്കുകയല്ലേ ചെയ്യുന്നത് എന്ന വിമർശനം ഉണ്ടായപ്പോൾ മദർ തെരേസ ആ വിമർശനത്തിന് നൽകിയ മറുപടി വളരെ

Downloaded from www.marthoma.in

ശ്രദ്ധേയമായിരുന്നു – "അവരുടെ കഷ്ടതയുടെ ആയുസ്സ് നീട്ടിക്കൊടുക്കുകയല്ല ഞങ്ങൾ ചെയ്യുന്നത്; അവർ മരിക്കുന്നതിനു മുമ്പ് ഒരു മുഖപ്രസാദത്തോടു കൂടി ഈ ലോകത്തെ നോക്കി ഒന്നു പുഞ്ചിരിക്കുവാൻ അവസരമൊരുക്കിക്കൊടുക്കുകയാണ് ഞങ്ങൾചെയ്യുന്നത്" എന്നാണ് മദർ തെരേസ മറുപടി പറഞ്ഞത്. ദൈവത്തിന്റെ സ്നേഹമുഖം ലോകത്തിന് വെളിപ്പെടുത്തിക്കൊടുത്ത കനിവിന്റെ മാലാഖയായ മദർ തെരേസ ചെയ്തിട്ടുള്ള ശുശ്രൂഷകളെ ഓർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. ദൈവസ്നേഹത്തിന്റെ മുഖം നമ്മിലൂടെയും വെളിപ്പെടുവാൻ ദൈവം നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ.

ഇക്കഴിഞ്ഞ സംവത്സരത്തിൽ നമ്മുടെ എം.ടി. ആന്റ് ഇ.എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിൽ ഉൾപ്പെട്ട എല്ലാ സ്കൂളുകൾക്കും എസ്.എസ്.എൽ.സി യ്ക്കും പ്ലസ് ടു വിനും മികവുറ്റ നിലവാരം പുലർത്തുവാൻ കഴിഞ്ഞു എന്നതിൽ നമുക്കു അഭിമാനിക്കാം. എസ്.എസ്.എൽ.സി പരീക്ഷയിൽ 15 ഹൈസ്ക്കൂളുകളിൽ 10 സ്കൂളുകൾ 100% വിജയം നേടി. എസ്.എസ്.എൽ.സി., +2 വിഭാഗത്തിൽ 231 കുട്ടികൾ ഫുൾ എ പ്ലസ് നേടി. പ്ലസ് ടു പരീക്ഷയിൽ തിരുവല്ല എസ്.സി.എസ്. ഹയർ സെക്കണ്ടറി സ്കൂളിലെ കുമാരി ജ്യോതിസ് സൂസൻ ജോർജ്ജ് കൊമേഴ്സ് വിഭാഗത്തിൽ 1200 ൽ 1200 മാർക്കും വാങ്ങി ഉന്നതവിജയം കരസ്ഥമാക്കിയതിൽ പ്രത്യേകമായ അഭിനന്ദനം അറിയിക്കുന്നു. എല്ലാ സ്കൂളുകളിലും കൗൺസലിങ്ങ് ക്ലാസുകളും എൽ.പി., യു.പി. സ്കൂളുകളിൽ എല്ലാ മാസവും ഇംഗ്ലീഷ് ഫെസ്റ്റും ഇപ്പോൾ ഫലകരമായി നടക്കുന്നു. നന്ദമുക്ക് യു.പി. സ്കൂളിനെ ഹൈസ്ക്കൂളായും കരവാളൂർ മാർത്തോമ്മാ സ്കൂളിനെ ഹയർ സെക്കണ്ടറി സ്കൂളായും ഉയർത്തുന്നതിനുള്ള അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. ഗവണ്മെന്റ് അംഗീകാരത്തിനായി കാത്തിരിക്കുന്നു. കേരളത്തിലെ സ്കൂളുകളിലെ മികച്ച പി.റ്റി.എ.യ്ക്കുള്ള അവാർഡിനായി നടന്ന തെരഞ്ഞെടുക്കൽ പ്രക്രിയയിൽ പ്രൈമറി സ്കൂൾ വിഭാഗത്തിൽ നമ്മുടെ പുനലൂർ വി.ഒ.യു. പി. സ്കൂൾ രണ്ടാം സ്ഥാനം നേടുകയും നാലു ലക്ഷം രൂപയുടെ കാഷ് അവാർഡ് കരസ്ഥമാക്കുകയും ചെയ്തു. മാനേജരായി ശ്രേഷ്ഠമായ നേതൃത്വം നല്കുന്ന റവ. പി. ഫിലിപ്പച്ചന്റെയും ഹെഡ്മാസ്റ്റർ ശ്രീ. ബിജു കെ. തോമസിന്റെയും പി.റ്റി.എ. പ്രസിഡന്റായ ശ്രീ. എ. ചെറിയാന്റെയും കൂട്ടായ നേതൃത്വത്തിൽ നടന്ന കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് ഈ സ്കൂൾ പി.റ്റി.എ. യ്ക്ക് ഇപ്രകാരം ഒരു അംഗീകാരം നേടുവാൻ കാരണമായിത്തീർന്നത് എന്നതിൽ വളരെ സന്തോഷമുണ്ട്. നേതൃത്വം നല്കിയവരെയും സഹകരിച്ചവരെയും പ്രത്യേകം അഭിനന്ദിക്കുന്നു. മികവിന് ലഭിച്ച ഈ അംഗീകാരം നമ്മുടെ മറ്റു സ്കൂളുകൾക്കും ഒരു മാതൃകയും പ്രചോദനവുമായിത്തീരട്ടെ എന്ന് ആശംസിക്കുന്നു. നമ്മുടെ മാർത്തോമ്മാ മാനേജ്മെന്റിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഡിപ്ലോമാ ഇൻ എഡ്യുക്കേഷൻ (D.Ed) കോഴ്സ് നടത്തുന്ന നമ്മുടെ തിരുവല്ല സെന്റ് തോമസ് ടീച്ചർ ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടിലെ മികവുറ്റ പ്രവർത്തനങ്ങളുടെ ഫലമായി തിരുവനന്തപുരം മുതൽ കണ്ണൂർ വരെയുള്ള വിവിധ ജില്ലകളിൽ നിന്നായി നമ്മുടെ ഈ റ്റി.റ്റി.ഐയിൽ പ്രവേശനം തേടി വിദ്യാർത്ഥികൾ എത്തിച്ചേരുന്നു എന്നത് അഭിമാനകരമായ ഒരു വസ്തുതയാണ്. പത്തനംതിട്ട റവന്യൂ ജില്ലാ റ്റി.റ്റി.ഐ. കലോത്സവത്തിൽ തിരുവല്ലാ സെന്റ് തോമസ് റ്റി.റ്റി. ഐ. ഓവർ ഓൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയതിലുള്ള അഭിമാനവും സന്തോഷവും അറിയിക്കുന്നു. നമ്മുടെ മാനേജ്മെന്റിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ശ്രദ്ധേയമായ നേതൃത്വം നൽകുന്ന മാനേജർ ഡോ. സൂസമ്മ മാത്യുവിനെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നല്ല നേതൃത്വം നൽകുന്ന സാരഥികളെയും അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

നമ്മുടെ സംസ്ഥാനത്തെ ICSE/ISC, CBSE, സ്റ്റേറ്റ് ബോർഡ് സ്കൂളുകളുടെ എഡ്യുക്കേഷൻ വേൾഡ് എന്ന പ്രസ്ഥാനം നടത്തിയ വിലയിരുത്തലിൽ നമ്മുടെ തിരുവല്ലായിലെ മാർത്തോമ്മാ റസിഡൻഷ്യൽ സ്കൂൾ 3rd best Co-ed Boarding School ആയി തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. പ്രത്യേകം അഭിനന്ദനം അറിയിക്കുന്നു.

നമ്മുടെ കാസർകോട്ടുള്ള ബധിര വിദ്യാലയത്തിൽ B.Com with Computer Application Course നടന്നു വരുന്നു. ഈ വർഷം അഡ്മിഷൻ നടപടികളിൽ പല പ്രതിസന്ധികളും അഭിമുഖീകരിക്കുകയുണ്ടായി. ദൈവകൃപയാൽ പ്രതിസന്ധികളെല്ലാം പരിഹരിക്കാൻ കഴിഞ്ഞു എന്നതിൽ സന്തോഷമുണ്ട്. കോളേജിന്റെ കെട്ടിട നിർമ്മാണത്തിനായി ഈ വർഷം സാമ്പത്തിക സ്രോതസ് കണ്ടെത്തി നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സത്ന മിഷൻ സെന്ററിൽ ഒരു വിമൻസ് കോളേജ് ഓഗസ്റ്റ് 30 ന് ഉദ്ഘാടനം ചെയ്യപ്പെട്ടു. മദ്ധ്യപ്രദേശ് സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ രംഗത്ത് ആദ്യമായി സ്ഥാപിതമായ ഒരു ഇംഗ്ലീഷ് മീഡിയം വിമൻസ് കോളേജാണിതെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. റീവാ യൂണിവേഴ്സിറ്റിയുടെ കീഴിലാണ് നമ്മുടെ ഈ കോളേജ് പ്രവർത്തിക്കുന്നത്. ICSE ഹയർ സെക്കണ്ടറി സ്കൂളിനോട് ചേർന്ന്, റീവാ യൂണിവേഴ്സിറ്റിയുടെ കീഴിൽ ഒരു Teacher Training College ന്റെ കാര്യക്ഷമമായി പ്രവർത്തനങ്ങൾക്കാവശ്യമായ അനുവാദം ലഭിച്ചിട്ടുണ്ട്. സത്നായിലെ വിദ്യാഭ്യാസമേഖലയിൽ, സ്ഥാപക നേതാക്കൾക്കുണ്ടായിരുന്ന ദർശനം വളർത്തിയെടുക്കുന്നതിൽ വികാരി ജനറാൽ വെരി. റവ. സി.എ. വർഗീസ് അച്ചൻ നിർവഹിച്ചുകൊണ്ടിരിക്കുന്ന നേതൃത്വവും ശുശ്രൂഷകളും ശ്ലാഘനീയമാണ്. ആ പ്രദേശത്തിന്റെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ അഭ്യുന്നതിയിൽ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ചെലുത്തുന്ന സ്വാധീനം അഭിമാനകരമാണ് എന്നു പറയുന്നതിൽ വളരെ സന്തോഷമുണ്ട്.

ഹോസ്കോട്ടും കറ്റാനത്തും നേഴ്സിംഗ് കോളേജുകളിൽ ഇപ്പോൾ P.G കോഴ്സും നടന്നു വരുന്നുണ്ട്. കറ്റാനം ആശുപത്രിയിൽ 9 ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കുമ്പനാട് ആശുപത്രിയിൽ ഈ വർഷം മൂന്ന് ഡയാലിസിസ് യൂണിറ്റുകൾ കൂടി ലഭിച്ചപ്പോൾ അവിടെയും 9 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കറ്റാനം ആശുപത്രിയിൽ ഏറ്റവും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട നേത്രരോഗചികിത്സയ്ക്ക് സൗകര്യമുണ്ട്. ആലപ്പുഴ ജില്ലയിൽ തിമിര രോഗ ശസ്ത്രക്രിയയിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്നത് നമ്മുടെ കറ്റാനം ആശുപത്രിയാണ്. കറ്റാനത്തു ഹോസ്റ്റൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്നു. കാർഡിയാക്ക് യൂണിറ്റിന്റെ ഉദ്ഘാടനം വൈകിയത് സാമ്പത്തിക പ്രതിസന്ധി അനുഭവപ്പെട്ടതുകൊണ്ടായിരുന്നു. ഈ വർഷം പ്രവർത്തനം ആരംഭിക്കാമെന്നു പ്രതീക്ഷിക്കുന്നു. കുമ്പനാട് ജീറിയാട്രിക് സെന്ററിന്റെ മുകളിലത്തെ രണ്ടു നിലകളുടെ നിർമ്മാണം പൂർത്തീകരിച്ചു. വെല്ലൂരിൽ ഗൈഡൻസ് സെന്റർ വികസനത്തിന്റെ ഒരു പുതിയ ഘട്ടത്തിലേക്കു പ്രവേശിച്ചിരിക്കുന്നു. നിർമ്മാണപ്രവർത്തനങ്ങൾ നടന്നു വരുന്നു. ജനോപകാരപ്രദമായ പദ്ധതികൾക്ക് തമിഴ്നാട് സർക്കാർ നൽകിയ എല്ലാവിധമായ സഹായസഹകരണങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. തെള്ളിയൂർ MCRD, പള്ളിപ്പാട് ബാലികാഭവൻ, പത്തനാപുരം ആശാഭവൻ മുതലായ ആതുര ശുശ്രൂഷാ മേഖലകളിലെ സുഗമമായ പ്രവർത്തനങ്ങൾക്ക്, ജനുവരി മുതൽ പ്രാബല്യത്തിൽ വന്നിരിക്കുന്ന ജുവനൈൽ ആക്ട് ചില പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്. ഇവയുടെ ഭാവി സംബന്ധിച്ച് ഉചിതമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്.

കാലം ചെയ്ത തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ (14-ാം മാർത്തോമ്മാ) സ്മാരകമായി അഭിവന്ദ്യ തീത്തൂസ് ദ്വിതീയൻ മെത്രാപ്പോലീത്താ തിരുമേനി രൂപം നല്കിയ റ്റി.എ.എം പ്രസ്സ് പിന്നീട് മാർത്തോമ്മാ പ്രസ്സ് എന്ന പേരിൽ നാമകരണം ചെയ്യപ്പെടുകയുണ്ടായി. തീത്തൂസ് ദ്വിതീയൻ മെത്രാപ്പോലീത്താ തിരുമേനി സമ്പാദിച്ച സ്ഥലത്താണ് ഇന്ന് മാർത്തോമ്മാ പ്രസ്സ് പ്രവർത്തിച്ചുവരുന്നത്. മാർത്തോമ്മാ പ്രസ്സ് ഇന്ന്

Downloaded from www.marthoma.in

വളർച്ചയുടെ പടവുകൾ കയറിക്കൊണ്ടിരിക്കുകയാണ്. 15 വർഷത്തെ ശ്രേഷ്ഠമായ സേവനത്തിനു ശേഷം 16-ാം വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ മാർത്തോമ്മാ പ്രസ്സ് വികസനത്തിന്റെ ഒരു പുതിയ ഘട്ടത്തിലേക്കാണ് കടക്കുന്നത്. പുതിയ ഇൻഫ്രാസ്ട്രക്ചർ രൂപപ്പെടുത്തുന്നതിനുവേണ്ടി സഭാ കൗൺസിൽ തീരുമാനം എടുക്കുകയും അതിനുള്ള തുക സഭയുടെ ഈ പ്രാവശ്യത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ മൾട്ടീകളർ പ്രിന്റിംഗ് മെഷീനും അത്യാധുനിക സംവിധാനങ്ങളും ലഭ്യമാക്കാനുള്ള ക്രമീകരണങ്ങൾ ചെയ്തുവരികയാണ്. സഭയുടെ ആവശ്യങ്ങൾക്കനുസരിച്ച് സഭയുടെ പ്രസിദ്ധീകരണങ്ങളുടെ പ്രിന്റിംഗ് സംബന്ധമായ എല്ലാ പ്രവർത്തനങ്ങളും ഉത്തരവാദിത്വപൂർവ്വം കാര്യക്ഷമതയോടെ നിർവഹിക്കുന്ന പ്രസ്സിന്റെ പ്രവർത്തനങ്ങൾക്ക് ഡയറക്ടറായി നേതൃത്വം നല്കുന്ന റവ. ജിനിൽ ഏബ്രഹാം അച്ചനെയും പ്രസ്സിന്റെ പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി പ്രവർത്തിക്കുന്ന സ്റ്റാഫംഗങ്ങളെയും പ്രത്യേകം അനുമോദിക്കുന്നു.

മാർത്തോമ്മാ സഭയുടെ വികസനവിഭാഗമായ CARD (Christian Agency for Rural Development) സഭയുടെ സാമൂഹ്യദർശനത്തിന്റെ പ്രവർത്തനസരണികളിൽ നാലു ദശാബ്ദങ്ങൾ പിന്നിട്ടിരിക്കുകയാണ്. ഭാരതത്തിലെ 6 സംസ്ഥാനങ്ങളിലെ 184 ഗ്രാമങ്ങളിൽ 43 വൈവിധ്യങ്ങളായ പദ്ധതികളിലൂടെ സഭയുടെ സാക്ഷ്യം CARD ഇന്നു നിർവഹിച്ചുകൊണ്ടിരിക്കുന്നു. വൈദേശിക സാമ്പത്തിക സഹായ ലഭ്യതയ്ക്കായുള്ള സാധ്യതകൾ കുറഞ്ഞു വരുന്ന ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ തദ്ദേശിയമായ സാമ്പത്തിക സ്രോതസുകൾ നാം കണ്ടെത്തേണ്ടതായിട്ടുണ്ട്. കാർഡിന്റെ ചുമതലയിലുള്ള ജില്ലാ കൃഷിവിജ്ഞാനകേന്ദ്രം കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ കഴിഞ്ഞ 21 വർഷമായി കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ചെന്നൈയിലെ പ്രളയ ദുരിതാശ്വാസപ്രവർത്തനങ്ങളിൽ ചെന്നൈ ഭദ്രാസനത്തോടും CASA യോടും ചേർന്ന് CARD സഹായഹസ്തം നീട്ടുകയുണ്ടായി. WCC യുടെ ദുരന്ത നിവാരണ സംഘടനയായ Action for Churches Together ൽ CARD ഒരു സ്ഥിരാംഗമാണ്. അടുത്ത രണ്ടു വർഷത്തെ Act India ഫോറം കോർഡിനേറ്റിംഗ് ഏജൻസിയായി CARD നെയും കോ-ഓർഡിനേറ്ററായി CARD ന്റെ ഡയറക്ടർ റവ. കെ.വൈ. ജേക്കബ് അച്ചനെയും തിരഞ്ഞെടുത്തിരിക്കുകയാണ്. CARD ന്റെ പ്രവർത്തനങ്ങൾക്കു ലഭിച്ച ഒരു വലിയ അംഗീകാരമാണിത്. പ്രത്യേകം അഭിനന്ദനം അറിയിക്കുന്നു. സഭ 2015 വർഷം ജൈവകൃഷി പരിപോഷണവർഷമായി ആചരിച്ചപ്പോൾ കാർഡും ഡവലപ്മെന്റ് ഡിപ്പാർട്ടുമെന്റും ചേർന്ന് 'പച്ചപ്പിൽ ജീവന്റെ കൈയൊപ്പ്' എന്ന പേരിൽ വിഷരഹിത ഭക്ഷ്യസംസ്കാരത്തിനായുള്ള വിവിധ കർമ്മ പരിപാടികൾ സമുചിതമായി ക്രമീകരിക്കുകയുണ്ടായി. ഡവലപ്മെന്റ് ഡിപ്പാർട്ടുമെന്റിന് ശ്രേഷ്ഠമായ നേതൃത്വം നൽകുന്ന ഏവരുടെയും കൂട്ടായ പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമാണ്.

WCC, CCI, CCA, NCCI എന്നീ എക്യുമെനിക്കൽ മേഖലയിലെ പ്രസ്ഥാനങ്ങളിൽ നമ്മുടെ സഭയ്ക്ക് എക്കാലത്തും നിർണായകമായ പങ്കാളിത്തം നിർവഹിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. NCCI യുടെ പുതിയ ടേമിലേക്കുള്ള വൈസ് പ്രസിഡണ്ടായി നമ്മുടെ മുൻസഭാകൗൺസിൽ അംഗം കൂടിയായ ശ്രീമതി ഏലിയാമ്മ തോമസ് (ലീന) തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. പ്രത്യേകം അഭിനന്ദനങ്ങൾ.

കൗൺസിൽ ഓഫ് ചർച്ചസിന്റെ വാർഷിക അസംബ്ലി അടുത്ത സമയത്ത് അടൂരിൽ വച്ച് നടന്നു. അടുത്ത മൂന്നു വർഷത്തേക്കുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ട്രഷററായി നമ്മുടെ സഭയുടെ അത്മായ ട്രസ്റ്റി അഡ്വ. പ്രകാശ് പി. തോമസ് തിരഞ്ഞെടുക്കപ്പെട്ടു. എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് മാർത്തോമ്മാ സഭയിൽ നിന്നും നാലു പ്രതിനിധികൾ തെരഞ്ഞെടുക്കപ്പെട്ടു. പ്രത്യേകം അഭിനന്ദനങ്ങൾ അറിയിക്കുന്നു.

നവീകരണത്തിന്റെ 180-ാം വാർഷികം നാം സഭയായി അടുത്തയിടെ ആചരിച്ചു. 'നവീകരണം - ഉൺമയും ഉയർച്ചയും' എന്ന വിഷയത്തെ ആസ്പദമാക്കി മാർത്തോമ്മാ സഭയുടെ ആനിമേഷൻ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ ഒരു സെമിനാർ 2016 ആഗസ്റ്റ് 15-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് തിരുവല്ല വി.ജി.എം. ഹാളിൽ ക്രമീകരിക്കുകയുണ്ടായി. സഭയിലെ സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി 'തൽമേദ്' ക്വിസ് മൽസരവും അന്നേ ദിവസം നടന്നു. ഇപ്രകാരം ക്രമീകരണങ്ങൾ ചെയ്ത ആനിമേഷൻ സെന്ററിനെയും ഡയറക്ടർ റവ. ഏബ്രഹാം വർഗീസ് അച്ചനെയും അഭിനന്ദിക്കുന്നു.

ഇക്കഴിഞ്ഞ സിവിൽ സർവീസ് പരീക്ഷയിൽ നമ്മുടെ മല്ലപ്പള്ളി സെന്റ് ആൻഡ്രൂസ് മാർത്തോമ്മാ ഇടവകയിലെ ശ്രീ.വി. വർഗീസിന്റെയും ശ്രീമതി റാണി വർഗീസിന്റെയും പുത്രിയായ സുഭഗ ആൻ വർഗീസും ഇളംകുളം മാർത്തോമ്മാ ഇടവകയിലെ ശ്രീ. റോയി പി. തോമസിന്റെയും ശ്രീമതി ഏലിയാമ്മ തോമസിന്റെയും പുത്രിയായ അന്ന ശോശാ തോമസും ഉന്നതവിജയം കരസ്ഥമാക്കിയതിൽ അഭിനന്ദനം അറിയിക്കുന്നു.

ദൈവകൃപയാൽ പുലാത്തീന്റെ പണി പൂർത്തീകരിച്ചു. പരിസര മാലിന്യ നിവാരണത്തിനായി ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. മാലിന്യ സംസ്കരണത്തിനായുള്ള ഒരു ഇൻസിനറേറ്റർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. Landscape നടത്തി പരിസരം ആകർഷകമാക്കുവാനും സാധിച്ചു.

നമ്മുടെ ഈ മണ്ഡലയോഗത്തിന്റെ പഠനത്തിനും തുടർപഠനത്തിനും നാം തെരഞ്ഞെടുത്തിരിക്കുന്നത് 'ദൈവരാജ്യം: മതനിരപേക്ഷ-ജനാധിപത്യ പരിപ്രേക്ഷ്യം' എന്നതാണ്. നാം ജീവിക്കുന്നത് മതേതരത്വം എന്ന വലിയ ദർശനം ഉയർത്തിപ്പിടിക്കുന്ന ഒരു സമൂഹത്തിലാണ്. സമൂഹം സഭയെ തിരിച്ചറിയുന്നത് സഭയുടെ പ്രസംഗങ്ങളും വിശ്വാസ പ്രഖ്യാപനങ്ങളും കേട്ടിട്ടല്ല സഭയുടെ പ്രവർത്തനങ്ങൾ തിരിച്ചറിഞ്ഞിട്ടാണ്. ക്രിസ്തുവിന്റെ ശരീരമായ സഭ ക്രിസ്തുവിന്റെ സ്നേഹം ലോകത്തിനു വെളിപ്പെടുത്തേണ്ടത് സഭയുടെ സാക്ഷ്യത്തിലൂടെയാണ്. ഈ സാക്ഷ്യത്തിൽ വളരുവാൻ ദൈവകൃപയ്ക്കായി നമുക്കു പ്രാർത്ഥിക്കാം. മതനിരപേക്ഷത എന്ന മഹത്തായ ദർശനത്തിനു മുറിവേൽക്കുന്ന സാഹചര്യം ഇന്ത്യയിൽത്തന്നെ പലയിടങ്ങളിലും പലർക്കും രൂപപ്പെടുന്നത് ആശങ്കാജനകമാണ്. ലോകരാഷ്ട്രങ്ങളിൽ പലയിടങ്ങളിലും ക്രിസ്തീയവിശ്വാസത്തിന്റെ പേരിൽ പീഢനങ്ങൾ ഏൽക്കേണ്ടതായി വരുന്നുണ്ട്. എന്നാൽ നമ്മുടെ ഉറപ്പും പ്രത്യാശയും "ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്, എങ്കിലും ധൈര്യപ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" എന്ന് അരുളിച്ചെയ്ത കർത്താവിലാണ്. ശ്രേഷ്ഠനായ സുവിശേഷ പ്രസംഗകനും മാർത്തോമ്മാ സഭയുടെ ആത്മ സ്നേഹിതനുമായിരുന്ന ഡോ. സ്റ്റാൻലി ജോൺസ് ഒരിക്കൽ പറഞ്ഞതുപോലെ "എനിക്ക് എന്റെ ഭാവി എന്തെന്നു അറിയേണ്ട കാര്യമില്ല. എന്നാൽ ഒന്നെനിക്കറിയാം. എന്റെ ഭാവി ആരുടെ കരങ്ങളിലാണെന്നു എനിക്കറിയാം". ജന്മദിനവുമായി ബന്ധപ്പെട്ട് താരകയിൽ എഴുതിയ കത്തിൽ കാലം ചെയ്ത ഡോ. യൂഹാനോൻ മാർത്തോമ്മാ തിരുമേനി ഒരിക്കൽ ഇപ്രകാരം എഴുതി. "ഈ സംവൽസരത്തിന്റെ അനുഭവങ്ങൾ എന്തെന്നു ഞാൻ അറിയുന്നില്ല. എന്നാൽ എന്നോടു കൂടെയുള്ളവൻ ആരെന്നു ഞാൻ അറിയുന്നു." ഈ വിശ്വാസവും ഉറപ്പുമാണ് സഭയ്ക്കിന്നു ആവശ്യം.

നമ്മുടെ സഭയിൽ പുതിയ എപ്പിസ്കോപ്പാമാരെ തെരഞ്ഞെടുക്കാനുള്ള പ്രക്രിയയിൽ നാം സഭയായി ഏർപ്പെട്ടിരിക്കുകയാണ്. ദൈവാത്മപ്രേരണയിൽ ഈ പ്രക്രിയയിൽ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും ഉണ്ടാവണമെന്നു താൽപര്യപ്പെടുന്നു.

Downloaded from www.marthoma.in

2017 ഏപ്രിൽ 27-ാം തീയതി നമ്മുടെ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ തിരുമേനി 100-ാം വയസിലേക്ക് പ്രവേശിക്കുകയാണ്. സഭയായി ആ സുദിനത്തിനായി നോക്കിപാർക്കുകയാണ്. സഭാകൗൺസിലിന്റെയും ഭദ്രാസനങ്ങളുടെയും ആഭിമുഖ്യത്തിൽ തിരുമേനിയുടെ ജന്മദിനാഘോഷങ്ങൾ, ഇന്നെയോളം നടത്തിയ സർവശക്തനായ ദൈവത്തിനു സ്തുതിസ്തോത്രങ്ങൾ അർപ്പിച്ചുകൊണ്ട്, സമുചിതമായി ആചരിപ്പാൻ ക്രമീകരണങ്ങൾ ചെയ്തുവരുന്നു. എല്ലാവരെയും സ്നേഹിച്ചും ആദരിച്ചും മർമ്മവേധിയായ നർമ്മരസത്തിലൂടെ എല്ലാവരെയും ചിരിപ്പിച്ചും ചിന്തിപ്പിച്ചും സമസ്ത ജനവിഭാഗങ്ങളുടെയും ആദരവുകൾ ഏറ്റുവാങ്ങി കർമ്മോത്സുകതയോടെ പ്രവർത്തിക്കുന്ന അഭിവന്ദ്യ തിരുമേനിയുടെ നിസ്തുല്യ മാതൃക ആദരണീയവും അഭിനന്ദനീയവുമാണ്. ഏവർക്കും അനുഗ്രഹമായിത്തീരുവാൻ, ഈ പ്രായത്തിൽ ലഭ്യമായിരിക്കുന്ന ദൈവകൃപയ്ക്കായി സ്തോത്രം ചെയ്യാം. തിരുമേനിയുടെ ശുശ്രൂഷകളെയോർത്ത് നമുക്കു ദൈവത്തെ സ്തുതിക്കാം. തിരുമേനിയുടെ ആയുരാരോഗ്യസൗഖ്യത്തിനായി പ്രാർത്ഥിക്കാം.

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ഈ മണ്ഡലയോഗം സമർപ്പണത്തിന്റെയും പുതുക്കപ്പെടലിന്റെയും അനുഭവമായിത്തീരണം. അജയ്യമായ ആത്മചൈതന്യത്തോടും സുവിശേഷതീക്ഷ്ണതയോടും കൂടി ലോകചരിത്രത്തിൽ വിശുദ്ധിയുടെ അടയാളങ്ങൾ സ്വന്തം ജീവിതത്തിലൂടെ കാട്ടിത്തന്ന ഫ്രാൻസിസ് ഓഫ് അസീസി പ്രാർത്ഥിച്ചതുപോലെ നമുക്ക് ഓരോരുത്തർക്കും പ്രാർത്ഥിക്കാം.

"കർത്താവേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമേ.
വിദ്വേഷമുള്ളിടത്ത് ക്ഷമയും
സന്ദേഹമുള്ളിടത്ത് വിശ്വാസവും
നിരാശയുള്ളിടത്ത് പ്രത്യാശയും
അന്ധകാരമുള്ളിടത്ത് പ്രകാശവും
സന്താപമുള്ളിടത്ത് സന്തോഷവും
ഞാൻ വിതയ്ക്കട്ടെ.
ദിവ്യനാഥാ,
ആശ്വസിപ്പിക്കപ്പെടുന്നതിനേക്കാൾ
ആശ്വസിപ്പിക്കുന്നതിനും
മനസ്സിലാക്കപ്പെടുന്നതിനേക്കാൾ
മനസ്സിലാക്കുവാനും
സ്നേഹിക്കപ്പെടുന്നതിനേക്കാൾ
സ്നേഹിക്കുന്നതിനും എനിക്ക്
ഇടയാക്കണമേ."

കർത്താവു ഭരമേല്പിച്ച ശുശ്രൂഷയിൽ സഭ അതിന്റെ യാത്ര തുടരുകയാണ്. "ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു" എന്ന് അരുളിച്ചെയ്ത സഭയുടെ നാഥനായ ക്രിസ്തുവിനോടു കൂടെയും, ക്രിസ്തുവിലൂടെയും നമ്മുടെ സാക്ഷ്യപ്രയാണം അഭംഗുരം തുടരാം. ഇന്നയോളം നമ്മെ നടത്തിയ കർത്താവ് നമ്മെ തുടർന്നും കരം പിടിച്ചു നടത്തും എന്ന ഉറപ്പും ധൈര്യവുമാണ് ഈ യാത്രയിൽ സഭയ്ക്ക് ഊർജ്ജം പകരുന്നത്. കഷ്ടങ്ങളും പ്രയാസങ്ങളും പ്രശ്നങ്ങളും പ്രതികൂലങ്ങളും വന്നു ചേർന്നാലും നാം ഭയപ്പെടേണ്ടതായിട്ടില്ല. ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി ഒരിക്കൽ പറഞ്ഞു-"മഴ പെയ്തു കഴിയുമ്പോൾ അവിടവിടെ വെള്ളം കെട്ടി നിൽക്കുന്നത് കാണാറുണ്ടല്ലോ. പ്രഥമ ദൃഷ്ടിയിൽ വെള്ളത്തിലേക്ക് നോക്കിയാൽ ചെളിയും കുഴികളുമാണ് നമ്മുടെ ദൃഷ്ടിയിൽ തെളിയുന്നത്. എന്നാൽ പ്രകാശിച്ചുകൊണ്ടിരിക്കുന്ന സൂര്യന്റെ പ്രതിച്ഛായയും ആ വെളിച്ചത്തിൽ തന്നെ ദർശിക്കാവുന്നതാണല്ലോ". ക്രിസ്തുവാകുന്ന നീതിയിൻ സൂര്യന്റെ വെളിച്ചം ദർശിച്ചുകൊണ്ടും ആ വെളിച്ചം ഹൃദയത്തിൽ ഏറ്റുവാങ്ങിയും ലോകത്തിനു വെളിച്ചം കൊടുക്കുന്ന ക്രിസ്തുവിന്റെ വെളിച്ചങ്ങളായി നമ്മിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിച്ചുകൊണ്ട് ദൈവകൃപയിൽ മുന്നേറാം.

തിരുവല്ല
15.09.2016

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**